## പതിമൂന്നാം കേരള നിയമസഭ

### നാലാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 345 — 06-03-2012-ൽ മറുപടിക്ക്

### സി. എഫ്. ലാംപ് വിതരണം.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. സുധാകരൻ. | ശ്രീ. ആര്യാടൻ മുഹമ്മദ്. (ഊർജ്ജ വകുപ്പ് മന്ത്രി.) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സൗജന്യമായി സി.എഫ്. ലാംപുകൾ വിതരണം ചെയ്യുന്ന പദ്ധതി തുടരുന്നുണ്ടോ? എങ്കിൽ എത്ര വീടുകൾക്ക്, എത്ര സി.എഫ്. ലാംപുകൾ വിതരണം ചെയ്യുവെന്ന് അറിയിക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ബജത്ത് ലാമ്പ് യോജന സി.എഫ്.എൽ വിതരണ പദ്ധതിയിൽ, ഉപഭോക്താക്കൾ കൈപ്പറ്റാതിരുന്ന ഏകദേശം 16 ലക്ഷം സി.എഫ്.എൽ കൾ വിതരണം ചെയ്യുവാൻ തീരുമാനിക്കുകയുണ്ടായി 58732 ഗാർഹിക ഉപഭോക്താക്കൾക്ക് അവർ ഉപയോഗിച്ച് കൊണ്ടിരുന്ന 60 വാട്ടിൻെറ രണ്ട് സാധാരണ ബൾബിനു പകരമായി 15 രൂപ നിരക്കിൽ രണ്ട് സി.എഫ്.എൽ എന്ന കണക്കിൽ 117464 എണ്ണം സി എഫ്.എൽ വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ സി.എഫ്.ലാംപുകൾ വിതരണം ചെയ്യുവാൻ നടപടി സ്വികരിക്കുമോ; | (ബി) 22.01.2011-ലെ ജി.ഒ.(ആർ.ടി. 22/01/ഉ.വ നംപർ ഉത്തരവ് അനുസരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന പ്രകാരം, ബജത്ത് ലാമ്പ് യോജന പദ്ധതി പ്രകാരം വിതരണം |

| | | | |
|---|---|---|---|
| | | | ചെയ്യാതെ അവശേഷിച്ച സി.എഫ്.എൽ.ൽ നിന്നും 66 രൂപ നിരക്കിൽ ആവശ്യാനുസരണം നൽകിവരുന്നു. ഈ പദ്ധതി പ്രകാരം നാളിതുവരെ 55063 എണ്ണം വിതരണം ചെയ്തിട്ടുണ്ട്. |
| (സി) | ഈ പദ്ധതി എത്രമാത്രം വിജയിച്ചുവെന്ന് വ്യക്തമാക്കുമോ? | (സി) | കേരളത്തിൽ എനർജി മാനേജ്മെൻറ് സെൻററും കെ.എസ്.ഇ.ബി.യും നടപ്പിലാക്കിയ സി.എഫ്.എൽ വിതരണ പരിപാടികൊണ്ട് 300 മെഗാവാട്ട് വൈദ്യുതി ലാഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ കാർബൺ ക്രെഡിറ്റ് ലഭിക്കുന്നതിനായി UNFCC യിൽ രജിസ്റ്റർ ചെയ്യുവാനും സാധിച്ചിട്ടുണ്ട്. ഇന്ത്യയിൽ ഒരു സംസ്ഥാനം മുഴുവനായി ഈ പദ്ധതി നടപ്പിലാക്കിയത് കേരളം മാത്രമാണ്. |

സെക്ഷൻ ഓഫീസർ.